# അക്കാദമിക
# മാസ്റ്റർ പ്ലാൻ

# ആമുഖം

**പൊതു വിദ്യാലയങ്ങൾ - മികവിൻറെ കേന്ദ്രമായി മാറുന്നു.**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞാനത്തിൻറെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ഭൗതിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാനിൻറെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിൻറെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർപ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്. എല്ലാ ശൈശക്ഷണിക പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന കെ.ജി.എം.എൽ.പി.സ്കൂൾ, അന്തിക്കാട് സജീവമായ പി.ടി.എ., എം.പി.ടി.എ., അദ്ധ്യാപകർ, രക്ഷിതാക്കൾ, പൊതു സമൂഹം എന്നിവരുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിൻറെ പാതയിൽ തുടരണം എന്ന പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിൻറെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

പി.ടി.എ.പ്രസിഡണ്ട്

ഹെഡ്മാസ്റ്റർ

എം.പി.ടി.എ.പ്രസിഡണ്ട്

# ചരിത്രത്തിലൂടെ

<u>സ്കൂളിൻറെ ചരിത്രം</u>

അന്തിക്കാട് മേഖലയിലെ ആദ്യത്തെ പ്രാഥമിക വിദ്യാലയമാണ്. കെ.ജി.എം.എൽ.പി.സ്കൂൾ 1901 ൽ മേനോത്ത്പറമ്പിൽ കൃഷ്ണൻ വക സ്ഥലത്ത് ശ്രീമാൻ വലിയകത്ത് കുഞ്ഞിമക്കാറിൻറെ ഉടമസ്ഥതയിൽ ശ്രീ.കലന്തൻ മാസ്റ്റർ ഹെഡ്മാസ്റ്ററായി ആരംഭിച്ചു. സ്കൂൾ ആദ്യകാലത്ത് മുസ്ലീം സ്കൂളെന്നാണ് അറിയപ്പെട്ടിരുന്നത്. പിന്നീട് 1932 ൽ ശ്രീമാൻ കൊലയാംപറമ്പത്ത് ഗോപാലമേനോൻ ഈ പള്ളിക്കൂടം വില കൊടുത്ത് വാങ്ങിയതിനു ശേഷമാണ് കെ.ജി.എം.എൽ.പി.സ്കൂൾ എന്ന നാമം സിദ്ധിച്ചത്. പള്ളിക്കൂട വിദ്യാഭ്യാസം അന്യമായ ഒരു കാലഘട്ടത്തിൽ കാർഷിക വൃത്തി കൊണ്ട് പുലർന്നിരുന്ന അന്തിക്കാട് ഗ്രാമം അക്ഷരജ്ഞാനത്തിൻറെ നറുവെട്ടം നുകർന്നത് ഈ പള്ളിക്കൂടത്തിൽ വെച്ചാണ്. അന്തിക്കാട് മേഖലയിലെ ആദ്യ വിദ്യാഭ്യാസ സ്ഥാപനമായ ഈ സ്കൂൾ പകർന്നു നൽകിയ അക്ഷരത്തിൻറെ അഗ്നിയും അറിവും നുകർന്നവർ അനവധിയാണ്.

<u>ദർശനം</u>

കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും, ഗുണമേന്മയുള്ള സമഗ്ര വിദ്യാഭ്യാസം തുല്യതയോടെ നൽകാൻ, ആധുനിക സാങ്കേതിക വിദ്യകളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാകുവാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിനും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാകുന്നു.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിൻറെ പേര് | : | കെ.ജി.എം.എൽ.പി.സ്കൂൾ അന്തിക്കാട് |
| മേൽവിലാസം | : | അന്തിക്കാട് |
| | : | പിൻ - 680641 |
| | | തൃശൂർ |
| ഫോൺ | : | 9447231889 |
| സ്കൂൾ കോഡ് | : | 22612 |
| വിദ്യാഭ്യാസ ഉപജില്ല | : | തൃശൂർ വെസ്റ്റ് |
| വിദ്യാഭ്യാസ ജില്ല | : | തൃശൂർ |
| റവന്യൂ ജില്ല | : | തൃശൂർ |
| ബി.ആർ.സി. | : | അന്തിക്കാട് |
| സി.ആർ.സി. | : | ജി.എൽ.പി.എസ്.അന്തിക്കാട് |
| ഗ്രാമപഞ്ചായത്ത് | : | അന്തിക്കാട് |
| ബ്ളോക്ക് പഞ്ചായത്ത് | : | അന്തിക്കാട് |
| ജില്ലാ പഞ്ചായത്ത് | : | തൃശൂർ |
| നിയമസഭാ മണ്ഡലം | : | നാട്ടിക |
| ലോകസഭാ മണ്ഡലം | : | തൃശൂർ |
| താലൂക്ക് | : | തൃശൂർ |
| വില്ലേജ് | : | അന്തിക്കാട് |
| ഇമെയിൽ വിലാസം | : | kgmlpsanthikad@gmail.com |
| Face Book | : | kgmlpsanthikad |
| Youtube | : | kgmlpsanthikad |
| സ്കൂൾ വിക്കി | : | kgmlpsanthikad |

**2025 – 2026**

## സ്കൂളിലെ മൊത്തം അദ്ധ്യാപിക വിദ്യാർത്ഥി അനുപാതം

| STD | I | II | III | IV | |
|---|---|---|---|---|---|
| | 75 | 106 | 109 | 112 | 402 |

## സ്കൂളിലെ മൊത്തം അധ്യാപകരുടെ എണ്ണം

| Nursery | LKG | UKG | Std I | Std II | Std III | Std IV | Total |
|---|---|---|---|---|---|---|---|
| 1 | 2 | 2 | 3 | 3 | 3 | 3 | 17 |

## പൊതു ലക്ഷ്യങ്ങൾ

- തദ്ദേശവാസികളായ കുട്ടികളെയെല്ലാം ഈ സ്കൂളിലേക്ക് എത്തിക്കുക യെന്നതാണ് നമ്മുടെ പ്രധാനപ്പെട്ട ലക്ഷ്യം.
- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലിഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
- ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കിട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങലൊരുക്കും.
- ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പു വരുത്തും.
- സയൻസ് ലാബ്, ഗണിത ലാബ്, കമ്പ്യൂട്ടർ ലാബ് എന്നിവ ആധുനികവതക്കരിക്കും. നിലവിലെ സ്കൂൾ ലൈബ്രറി മെച്ചപ്പെടുത്തി ഡിജിറ്റൽ വായനക്ക് അവസരം ഒരുക്കുന്നു.
- ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾ ക്കാനുസൃതമായി വർക്ക് ഷീറ്റുകൾ എസ്.ആർ.ജി യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

- ആശയ പ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ആത്മ വിശ്വാസം വർധിപ്പിച്ചു ഊർജ്ജസ്വലരായി വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

- പ്രാദേശിക സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി കൊണ്ടുള്ള വിദ്യാഭ്യാസ വികസനം.

- മാലിന്യ മുക്ത വിദ്യാലയം, ഹരിത പെരുമാറ്റചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വെസ്റ്റ് മാനേജ്മെന്റ് മലിന ജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

- കൃഷി, ഔഷധ തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

- വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

- പോക്സോ സംബന്ധമായ ബോധവത്ക്കരണം വിദ്യാലയത്തിലെ ജൈവവൈവിധ്യ കാലവറയെ കുട്ടികളുടെ പഠനാനുഭവമായി ബന്ധപ്പെടുത്തി മികവാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

- മൊബൈൽ അഡിക്ഷൻ എതിരെ മുൻകരുതൽ

## വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ - നേട്ടങ്ങൾ, പരിമിതികൾ

### <u>നേട്ടങ്ങൾ</u>

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്നു.
- മികവുറ്റ അധ്യാപക സമൂഹം
- ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദ മായ കെട്ടിട സമുച്ചയം
- മികച്ച ലൈബ്രറി,ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം
- ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.
- കാലപഠനം, പ്രവൃത്തി പരിചയ പഠനം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മയുമൊത്ത് എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ.
- പ്രത്യേക പരിഗണന യും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.
- സർഗ്ഗാത്മക വേദികളിൽ, ആശയ പ്രകടന വേദികൾ, ജനാതിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചാരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.

## പരിമിതികൾ

- ❖ മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- ❖ മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്.
- ❖ വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.
- ❖ മത്സര പരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- ❖ ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ഒരുക്കാനായിട്ടില്ല. എല്ലാ അദ്ധ്യാപകർക്കും സാധിച്ചിട്ടില്ല.
- ❖ കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.
- ❖ IED കുട്ടികളുടെ പഠന പിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പടേണ്ടതുണ്ട്.
- ❖ ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബിന്റെ അപര്യാപ്തത.

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപത്രരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയ വിനിമയശേഷി നേടി എന്നുറപ്പു വരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനക്കുള്ള അവസരം സൃഷിടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

7. മികച്ച വായനാശീലം വളർത്തുക.

**<u>ഇംഗ്ലീഷ്</u>**

1. ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനക്ക് സജ്ജരാകുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാകുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക.

6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ വർക്ക് ബുക്കിൻറെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

7. ക്ലാസ് തല വായന മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പരിസരപഠനം

1. ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്ര ബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർധിപ്പിക്കുക.

3. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

4. ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാതിപത്യ വേദികൾ ഒരുക്കുക.

2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

3. ജനാതിപത്യ ജീവിത സംസ്ക്കാരം വളർത്തിയെടുക്കുക.

4. ദിനാചാരണങ്ങൾ, ബോധവത്ക്കരണ പരിപാടികൾ ചർച്ചകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവര സാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്ര മായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം

1. നിർമ്മാണത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ് വസ്തുക്കളിൽ നിന്നും പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/ പഠനവുമായി പ്രവൃത്തി പരിച്ചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടികളുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസ ത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യ മുക്തമാക്കുക, ഹരിതാഭമാക്കുക.

**അറബിക്**

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടു കൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.

3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികലിലൊരുക്കുക.

4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാപഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.

**മേഖല - അക്കാദമികം**

ഉപമേഖല

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ശേഷി വികസനം | • **ഒന്നൊരുക്കും**<br>കഥാപാട്ട്, കളി, കൂട്ടായ പ്രവർത്തനം, കരകൗശല പ്രവർത്തനങ്ങൾ, അഭിനയം, മറ്റ് കൗതുക കരമായ ഇനങ്ങൾ തുടങ്ങി യവ കോർത്തിണക്കി കുട്ടി കളെ പഠനലക്ഷ്യം കൈവരി ക്കുന്നതിന് സന്നദ്ധരാക്കുന്നു. | ജൂൺ 12-13 | ക്ലാസ് ടീച്ചർ | SSA |
| | • **വായനോത്സവം**<br>അമ്മ കുട്ടിക്ക് കഥ വായിച്ചു കൊടുക്കുന്നു. തുടർന്ന് ക്ലാസ്സുകളിൽ കഥാകേളി നടത്തുന്നു. ചിത്രവായന നടത്തുന്നു. വായനാ കാർഡ് ക്ളാസ്സുകളിലും വാട്ട്സ്പ്പ് ഗ്രൂപ്പുകളിലും വായിപ്പിക്കുന്നു. | ജൂൺ19- മാർച്ച് | ക്ലാസ് ടീച്ചർ | |
| | • **പാട്ടരങ്ങ്**<br>കുട്ടികൾ പാടി പഠിച്ചതും കേട്ടു പഠിച്ചതുമായ പാട്ടു കൾ കോർത്തിണക്കി അവ ഈണത്തിലും താളത്തിലും അവതരിപ്പിക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

**ക്ലാസ് - 1**

**ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ശേഷി വികസനം | • സംയുക്ത ഡയറി<br>ഒരു ദിവസത്തെ കുട്ടിയുടെ മനസ്സിൽപതിഞ്ഞകാര്യങ്ങൾ അമ്മയും കുട്ടിയും ചേർന്ന് എഴുതുന്നു.(ചിത്രംസഹിതം)<br>• നിർമ്മാണ ശിൽപ്പശാല<br>പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്ലാസ് തല ശിൽപ്പശാല നടത്തുന്നു.<br>• രചനോത്സവം<br>കുട്ടികൾക്ക് ചിത്രം കാണിച്ചു കൊടുത്ത് കഥയുണ്ടാക്കുന്നു.<br>• ഭാഷാ കളരി<br>കുട്ടികളിൽ പാട്ടുകളും കഥകളും ആയി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ | ജൂലൈ<br>ഏപ്രിൽ<br><br>ജൂൺ<br>ആഗസ്റ്റ്<br><br>ആഗസ്റ്റ്<br>മാർച്ച്<br><br>ജനുവരി<br>മാർച്ച് | കുട്ടി<br>അമ്മ<br><br>ടീച്ചർ<br><br>ടീച്ചർ<br><br>ടീച്ചർ | MPTA<br><br>MPTA<br><br>STAFF<br><br>STAFF |

**മേഖല അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ് – II**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • കവിത കുട്ടിപാട്ടുകൾ ഭാവാത്മകമായി ഒറ്റക്കും സംഘമായും അവതരിപ്പിക്കൽ<br><br>• സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക ്കുന്നതിനു ശേഷി<br><br>• സ്വതന്ത്രമായി ലേഖനത്തിൽ ഏർപ്പെടൽ വ്യക്തിഗത രചന | ഈണം, താളം, എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്തും സ്വന്തമായി രചനകൾ എഴുതിയും കവിതകൾ ശേഖരിച്ച് പാട്ടുപുസ്തകത്തിൽ എഴുതുന്നു. ഒറ്റക്കും ഗ്രൂപ്പായും കവിതകൾ ചൊല്ലുന്നു.<br><br>ചിത്ര കാർഡുകൾ, പത്രകുറിപ്പുകൾ, വായനാ സാമഗ്രികൾ നൽകി ലഘുകുറിപ്പ്, വിവരണം, കഥ തുടങ്ങിയവ തയ്യാറാക്കൽ അസംബ്ലിയിൽ പ്രദർശിപ്പിക്കൽ മികച്ച ഗ്രൂപ്പിന് സമ്മാനങ്ങൾ നൽകി അഭിനന്ദിക്കുന്നു.<br><br>ഓരോ കുട്ടിയും രചനകൾ | ജൂൺ ആഗസ്റ്റ്<br><br>സെപ്റ്റംബർ ഡിസംബർ<br><br>ജൂൺ മാർച്ച് | കുട്ടികൾ ക്ലാസ് ടീച്ചർ<br><br>കുട്ടികൾ ടീച്ചർ SRG | STAFF<br><br>STAFF<br><br>PTA SRG |

| | | | | |
|---|---|---|---|---|
| | ഉൾപ്പെടുത്തി ഫയലിൽ ശേഖരിക്കുന്നു. പതിപ്പുകൾ കൈ എഴുത്ത് മാസികകൾ ചുമർ പത്രങ്ങൾ | | കുട്ടികൾ ടീച്ചർ രക്ഷിതാക്കൾ | |

ക്ലാസ് – II ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉചിതമായ വ്യവഹാരരൂപങ്ങളിലുള്ള മികവ്<br><br>സർഗ്ഗാത്മകതയെ തട്ടിയുണർത്തൽ | എഴുത്തും വരയും ഉൾപ്പെടുത്തി മാസികകൾ സൃഷ്ടിക്കുന്നു. രചനാ ക്യാമ്പുകൾ രക്ഷിതാക്കളുടെ സഹകരണത്തോടെ നടത്തുന്നു. സാഹിത്യ പ്രതിഭകളുടെ ബോധവത്ക്കരണ ക്ലാസുകൾ നടത്തുന്നു.<br><br>രചനാ ശിൽപ്പശാലകൾ, കഥാശിൽപശാലകൾ (കുട്ടികളുടെ രചനകൾ) ഉൾപ്പെടുത്തി സർഗാത്മക വികസിപ്പിക്കുന്ന രീതിയിൽ നടത്തുന്നു. | ഒക്ടോബർ നവംബർ<br><br>ഡിസംബർ ജനുവരി | SRG,SMC,PTA ക്ലബുകൾ<br><br>SRG അധ്യാപകർ | MPTA STAFF<br><br>SRG SMC |

മേഖല അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് – III

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമ്പത്തിക പ്രതിഭകളെ അടുത്തറിയാം | കവിതകളെക്കുറിച്ചുള്ള ഡോക്യുമെൻറി പ്രദർശനം പാഠഭാഗവുമായി ബന്ധപ്പെട്ട് കവികളുടെ ചിത്രങ്ങൾ, കുറിപ്പുകൾ ആത്മകഥകൾ എന്നിവ ശേഖരിക്കുന്നു. ഡോക്യുമെൻറി പ്രദർശനത്തിലൂടെ കവികളെക്കുറിച്ച് കൂടുതൽ അറിവ് നേടുന്നു. | ജൂൺ | അധ്യാപകർ SMC SRG MPTA | SMC SRG ക്ലബ് |
| വായനാ പരിപോഷണം | പുസ്തക ശേഖരണവും പ്രദർശനവും ദിനാചരണവുമായി ബന്ധപ്പെട്ട് ക്വിസ് അമ്മ വായന ചുമർപത്രിക നിർമ്മാണം ചിത്ര ഗാലറി കഥാചിത്രങ്ങൾ വരയ്ക്കൽ പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ രക്ഷിതാക്കളുടെ സഹകരണത്തോടെ ശേഖരിക്കുന്നു. | നവംബർ ജനുവരി | വായനശാല SMC | SRG |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാപരിപോഷണം | പൊതു സമൂഹവുമായി ബന്ദപെട്ട് പുസ്തക ശേഖരണം.<br>രക്ഷിതാക്കളുടെ സഹകരണ ത്തോടെ പുസ്തകങ്ങൾ ശേഖരിച്ച് ലൈബ്രറി വികസിപ്പിക്കുന്നു.<br>അമ്മ വായനയെ പ്രോത്സാഹിപ്പിക്കുന്ന ു.<br><br>വായനക്കളരി<br>ആഴ്ചയിൽ ഒരിക്കൽ വായനക്ക ള രി നടത്തുന്നു.<br>വായനകാർഡുകൾ, ചിത്ര കാർഡുകൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ നൽകി വായനക്ക് അവസരം നൽകുന്നു.<br>സർഗ്ഗവേളയിൽ ഭാഷാ വ്യവഹാരങ്ങൾ ഒരുക്കാനുള്ള അവസരം നൽകുന്നു.<br><br>നാട്ടുവായന<br>പഞ്ചായത്തിലെ ലൈബ്രറി സന്ദർശിക്കുന്നു.പ്രശസ്ത സാഹിത്യ കാരന്മാരെ വിളിച്ചു | നവംബർ | വായന ാശാല<br><br>SMC<br><br>SRG | SMG<br><br>ക്ലബ് |

| | | | | |
|---|---|---|---|---|
| | വരുത്തി അവരുടെ കവിതാലാപനവും കൃതികളും പരിചയപ്പെടുത്തുന്നു. | | | |

**മേഖല അക്കാദമികം**

**ഉപമേഖല ഭാഷ**

**ക്ലാസ് IV**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മധുരം മലയാളം ലക്ഷ്യം | പഠന പ്രവർത്തനം | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br><br>വായനാശേഷി വളർത്തൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടുകൾക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ മലയാളത്തിള ക്കം അക്ഷരകേളി ആഭരണമണിയിക്കൽ (ചിഹ്നം ചേർക്കൽ) വിട്ട ഭാഗം പൂരിപ്പിക്കുക etc<br><br>ക്ലാസ് വായനാക്കൂട്ടം കുട്ടികളെ ഗ്രൂപ്പുകളാക്കി വായിപ്പിക്കുന്നു. ക്ലാസ് ലൈബ്രറി ഒരുക്കൽ | പഠന ലക്ഷ്യം നേടുന്നതു വരെ | അധ്യാപിക | SRG ക്ലാസ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| എഴുതാം തെളിയാം എഴുത്ത് പോഷിപ്പിക്കൽ | ലൈബ്രറി ബുക്കുകൾ ആഴ്ചയിൽ ഒരിക്കൽ കൈമാറുന്നു.<br>പത്ര വായനയെ പ്രോത്സാഹിപ്പിക്കുന്ന ു.<br>സ്കൂൾ അസംബ്ലി യിൽ കുട്ടികളെ കൊണ്ട് പത്ര വായന നടത്തിക്കുന്നു.<br>പഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം | SRG ക്ലാസ്സ് അധ്യാപിക | PTA |

മേഖല. അക്കാദമികം

ഉപമേഖല. ഗണിതം

ക്ലാസ്സ് -I

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളു ം ഉൾപ്പെടുത്തി ഗണിതം ലളിത മാക്കൽ | ഗണിത മാഗസിൻ വരമേളം എന്ന പഠഭാഗവുമായി ബന്ധപ്പെടുത്തി കൊണ്ട് ചിത്രങ്ങൾ വരച്ച് മാഗസിൽ ഉണ്ടാക്കി.<br>ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം വരമേളം എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി കൊണ്ട് ജ്യാമിതീയ രൂപങ്ങൾ നിർമ്മിച്ചു. | ജൂൺ - മാർച്ച്<br>സെപ്റ്റംബർ | ക്ലാസ് ടീച്ചർ<br>SRG ക്ലാസ് ടീച്ചർ | <br>SSA |

| | | | | |
|---|---|---|---|---|
| | കളികളിലൂടെ ഗണിത പ്രവർത്തനങ്ങൾ വരമേളം എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി കൊണ്ട് രൂപങ്ങൾ മനസ്സിലാക്കാൻ ടൈൽ ജമ്പിങ് എന്ന കളി നടത്തി. | | SRG ക്ലാസ് ടീച്ചർ | |

ക്ലാസ് II

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക. ഷെയ്പ്സ് ഇൻ ദ കിച്ചൻ എന്ന ഒന്നാം പാഠഭാഗവുമായി ബന്ധപ്പെടുത്തി കൊണ്ട് ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തികൊണ്ട് ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തുന്നു.<br><br>ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ) ഷെയ്പ്സ് തിരിച്ചറിയുന്നതിനായി ഷെയ്പ്സ് ഇൻ ദ കിച്ചൻ എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി കൊണ്ട് കുസൃതി | ആഴ്ചയിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | SSA |

| | | | | |
|---|---|---|---|---|
| | ചോദ്യങ്ങൾ ചോദിക്കുന്നു. | | | |

ക്ലാസ്സ് III

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറി ഗാമി ശിൽപ്പശാല മൂന്നാം ക്ലാസ്സിലെ ജ്യാമിതിയുമായി ബന്ധപ്പെടുത്തി കൊണ്ട് കുട്ടികൾക്ക് ജ്യാമിതീയ രൂപങ്ങൾ മനസിലാക്കാൻ സാധിക്കുന്ന വിധത്തിൽ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ജ്യാമിതീയ രൂപങ്ങളുമായി ബന്ധപ്പെടുത്തി കൊണ്ട് ഗണിത പഠനം കൂടുതൽ രസകരമാക്കാൻ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br><br>ഒറി ഗാമി, ടാൻ ഗ്രാം രൂപങ്ങൾ നിർമ്മിക്കൽ , പ്രദർശിപ്പിക്കൽ ഗണിത പഠനം കൂടുതൽ | ഒക്ടോബർ | SRG<br>PTA | SSA |

| | | | | |
|---|---|---|---|---|
| | ആകർഷകവും കുട്ടികൾക്ക് ഇഷ്ടമുള്ളതു മാക്കാൻ പ്രവർത്തനാധിഷ്ഠിത പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ<br><br>മെട്രിക മേള, ഗണിതോത്സവം കുട്ടികൾ നിർമ്മിച്ച ഉൽപ്പന്നങ്ങളുടെ പ്രദർശനം | | | |

ക്ലാസ്സ് IV

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. | ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഗണിത പാഠപുസ്തകത്തിലെ വരകൾ രൂപങ്ങൾ എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി കൊണ്ട് ടാൻഗ്രാം പസിലുകൾ എന്നീ രൂപങ്ങൾ നിർമ്മിക്കൽ<br><br>ഗണിതോത്സവം | ഫെബ്രുവരി മാർച്ച് | SRG<br>PTA<br><br>ക്ലാസ് ടീച്ചർ | SSA |

| | | | | |
|---|---|---|---|---|
| | കുട്ടികൾ നിർമ്മിച്ച പസിലുകൾ ടാൻ ഗ്രാം എന്നിവയുടെ പ്രദർശനം. | | | |

മേഖല. അക്കാദമികം

ഉപമേഖല ഇംഗ്ലീഷ്

ക്ലാസ്സ് 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലക്ഷ്യം ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾ പ്രകടിപ്പിക്കാൻ അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലി യുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. എല്ലാ ബുധനാഴ്ച കളിലും അസംബ്ലി ഇംഗ്ലീഷിൽ നടത്തുന്നു. അതിൽ പ്രാർത്ഥന പ്രതിഞ്ജ കൂടാതെ കുട്ടികൾക്ക് ദിനം പ്രതി ജീവിതത്തിൽ ഉപയോഗിക്കാവുന്ന ചെറു ഇംഗ്ളീഷ് വാചകങ്ങളും പരിചയപ്പെടുത്തുകയും ചെയ്യുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ് | |
| ഇംഗ്ളീഷ് ഭാഷാ ധാരാളമായി കേൾക്കുവാനുള്ള അവസരമൊരുക്കൽ | കഥകളുടെ ഓഡിയോ വീഡിയോ കേൾപ്പിക്കൽ<br><br>കുട്ടികളുടെ പാഠഭാഗവുമായി | മാസം തോറും | SRG | SSA |

| | | | | |
|---|---|---|---|---|
| | ബന്ധമുള്ളതും അല്ലാത്തതുമായ അവരുടെ നിലവാര ത്തിലുള്ള കഥകൾ ICT സഹായത്തോടെ കുട്ടികളെ കാണിക്കുകയും അവരോട് മനസ്സിലാക്കിയ കഥ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുക. | | | |

ഇംഗ്ലീഷ്

ക്ലാസ്സ് 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾ പ്രകടിപ്പിക്കാൻ അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷിലുള്ള കുട്ടി കവിതകൾ കുഞ്ഞു കഥകൾ കുഞ്ഞു ചിന്തകൾ ചെറു സംഭാഷണങ്ങൾ ഇവ ക്ലാസ്സിൽ സ്വതന്ത്രമായി അവതരിപ്പിക്കാനുള്ള അവസരം കുട്ടികൾക്ക് ക്ലാസ് റൂമിൽ നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | SRG ക്ലാസ് ടീച്ചർ | SSA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരം ഒരുക്കൽ | Let's Talk<br>ഇംഗ്ളീഷ് ബാലസഭ മാസം തോറും നടത്തുന്ന ബാലസഭകളിൽ ഇംഗ്ലീഷിനായി പ്രത്യേകം ദിവസം നിശ്ചയിക്കുന്നു. അതിൽ വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഇംഗ്ലീഷിൽ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. തന്മൂലം കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു. സർഗ്ഗാത്മക ത വർധിക്കുന്നു. സഭാകമ്പം മാറുന്നു. | മാസം തോറും | SRG ക്ലാസ് ടീച്ചർ | SSA |

ഇംഗ്ലീഷ്

ക്ലാസ് 3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന ആശയ മറിഞ്ഞും ഒഴുക്കോടെയും | ക്ലാസ്സ് ലൈബ്രറി വികസനം<br>ക്ലാസ്സ് ലൈബ്രറി യിൽ ഇംഗ്ലീഷ് ബുക്കുകളും അധികരിപ്പിക്കുന്നു. എല്ലാവർക്കും വായിക്കാൻ ഇംഗ്ലീഷ് ബുക്ക് ലഭിക്കുന്നുണ്ടെന്ന് അധ്യാപിക ഉറപ്പു വരുത്തുന്നു. | ജൂൺ മാർച്ച് | PTA ക്ലാസ് ടീച്ചർ<br>SRG | PTA |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തൽ | കുട്ടികളുടെ നിലവാരത്തിലുള്ള പുസ്തകങ്ങൾക്ക് പ്രാധാന്യം നൽകുന്നു. അവർ വായിച്ചറിഞ്ഞ കഥകൾ അവരുടെ ഭാഷയിൽ പുനരാവിഷ്ക്കരിച്ച് പറയുവാനും ചെറു വാചകങ്ങളിൽ ഇംഗ്ലീഷിൽ തന്നെ എഴുതുവാനും ശീലിപ്പിക്കുന്നു.<br><br>ഓരോ ദിവസത്തെ അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. ഓരോ ദിവസവും വരുമ്പോൾ തലേ ദിവസത്തെ ഹൃദയഹാരിയായ അനുഭവങ്ങൾ കുട്ടികളോട് ഡയറി രൂപത്തിൽ എഴുതി വരാനും അത് ഓരോരുത്തരായി വ്യത്യസ്ത ദിവസങ്ങളിൽ ചെറുവാചകങ്ങളിൽ അവതരിപ്പിക്കുവാനു ം ക്ലാസ് റൂമുകളിൽ അവസരമൊരുക്കുന്ന ു. | ആഴ്ചയിൽ 3 ദിവസം | SRG | |

ക്ലാസ്സ് 4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷിൽ എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഡയറി കുറിപ്പായി എഴുതുക. വീട്ടിലേക്കും വിദ്യാലയത്തിലേക്കു ും ഉള്ള യാത്രയും അതിൽ കണ്ടതും അനുഭവിച്ചതുമായ കാര്യങ്ങളും ചെറു വാചകങ്ങളിൽ എഴുതാനും ക്ലാസ്സിൽ അവതരിപ്പിക്കാനും അവസരം കൊടുക്കുക. | ആഴ്ചയിൽ 3 ദിവസം | SRG | |
| | വാർത്താ വായന ആഴ്ചയിൽ ഒരു ദിവസം നടത്തുന്ന ഇംഗ്ളീഷ് അസംബ്ലിയിൽ അതാത് ദിവസത്തെ വാർത്താ ഹൈ ലൈറ്റ്സ് ഇംഗ്ലീഷിൽ അവതരിപ്പിക്കാൻ പൊതുവേദിയിൽ അവസരം നൽകുക. | മാസത്തിൽ ഒരിക്കൽ | SRG | SSA |
| സർഗ്ഗാത്മക പരിപോഷണം ഇംഗ്ലീഷ് തിയ്യറ്റർ | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ | | | |

| | | | | |
|---|---|---|---|---|
| | പാഠഭാഗങ്ങളെ രസകരമായ വ്യവഹാര രൂപകങ്ങളായ നാടകം നൃത്താവിഷ്ക്കരണം സംഭാഷണം എന്നീ രൂപത്തിൽ അവതരിപ്പിച്ചു കുട്ടികളുടെ സർഗ്ഗശേഷി വർധിപ്പിക്കുക. | | | |

പ്രവർത്തനം

പേര് : ലോക ഭാഷ അറബി ഭാഷ

ഉപമേഖല : അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കും | പ്രൈമറി ക്ലാസ് മുതൽ ഭാഷാശേഷി കളുടെ വളർച്ച ഉറപ്പു വരുത്തുക. മുന്നറിവ് പരിശോധിക്കുക അക്ഷരങ്ങൾ ഉറപ്പിക്കൽ വാചകങ്ങൾ നിർമ്മിക്കൽ ഭാഷാ കളികൾ | 2 മാസം | അറബ ി ടീച്ചർ | |

പ്രവർത്തനം 2

പേര് : അറബി വായനോത്സവം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക. | വായനാ മത്സരം<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>വായനാ കുറിപ്പുകൾ | ആഗസ്റ്റ് മാർച്ച് | അറബ ി ടീച്ചർ | |

**മേഖല അക്കാദമികം**

ഉപമേഖല പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രകിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസ്സിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശാസ്ത്ര മൂല നിർമ്മാണം പരീക്ഷണങ്ങൾ ചെയ്യാൻ അവസരം ഒരുക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | PTA<br>SSA |
| ശാസ്ത്ര പഠന താൽപ്പര്യം വളർത്തുക, ശാസ്ത്രീയ അവബോധം എന്നിവ | 3,4 ക്ലാസ്സുകളിലെ പാഠഭാഗത്തിലെ പരീക്ഷണങ്ങൾ ശാസ്ത്രമൂലയിലെ വസ്തുക്കൾ ഉപയോഗിച്ച് കുട്ടി | എല്ലാ മാസവും | ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ വികസിപ്പിക്കുക. | ചെയ്യുന്നു. അവ രേഖപ്പെടുത്തി പരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു. | | | |
| ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചക്കിണങ്ങു ം വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | 3,4 ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങ ൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകത തിരിച്ചറിയൽ | ഭക്ഷ്യമേള<br><br>പാഠഭാഗത്തോടനുബ ന്ധിച്ച് നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ഒക്ടോബർ നവംബർ | ക്ലാസ് ടീച്ചർ | |
| പ്രകൃതിയെ അറിയാനും പ്രകൃതി വിഭവ സംരക്ഷണത്തിനു ം | വിദ്യാലയത്തിൽ ഔഷധ തോട്ടം ഒരുക്കൽ ഒന്നു മുതൽ നാലു വരെയുള്ള പാഠഭാഗത്തോടനുബ ന്ധിച്ച് പ്രകൃതി നടത്തം, വിദ്യാലയ ജൈവവൈവിധ്യ പാർക്ക് സന്ദർശനം നിരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | ജൂലൈ ഡിസംബർ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| കേരളം ഇന്ത്യ ഭൂപട വായന സൂചിക പരിചയപ്പെടൽ | 3,4 ക്ലാസ്സുകളിലെ പാഠഭാഗത്തോടനുബന്ധിച്ച് കുട്ടികൾ കേരളം ഇന്ത്യ എന്നിവയുടെ ഭൂപട വായന നടത്തൽ ഭൂപട രചന നടത്തുന്നു, സൂചിക നിർമ്മാണം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| കുട്ടികളിൽ കണ്ടുവരുന്ന രാസ ലഹരി മൊബൈൽ അഡിക്ഷൻ എന്നിവയ്ക്ക് ബോധവത്ക്കരണ ◌ം നടത്തി ഇവയെകുറിച്ച് അവബോധം സൃഷ്ടിച്ച് പ്രതിരോധശേഷി വളർത്തുക. | ബോധ വത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ പോസ്റ്റർ നിർമ്മാണം സംവാദങ്ങൾ എന്നിവയിലൂടെ കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നു. | അധ്യയന തുടക്കത്തിൽ | ആരോഗ്യ വകുപ ◌്പ് പോലിസ് | SMC |

# സാമൂഹികാവബോധം

പ്രവർത്തനം

പേര് : നാട്ടിലെ താരങ്ങളും കുട്ടികളും

ഉപമേഖല : സാമൂഹിക അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ, ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലു ം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 2

പ്രാദേശിക അറിവ്

ഉപമേഖല നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നമ്മുടെ നാടിൻറെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിൻറെ തനിമ നിലനിർത്തുന്നതിന് | നാടിൻറെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | ക്ലാസ് ടീച്ചർ | |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം 1

പേര് വിവര സാങ്കേതിക വിദ്യയിൽ പരിശീലനം

ഉപമേഖല അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ (സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ ഓരോ ക്ലാസിലെയും പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട I.CT. സാദ്ധ്യതകൾ പരിശോധിച്ച് ചർച്ച ചെയ്ത് ക്രോഡീകരിച്ച് പഠനപ്രവർത്തനങ്ങളെ കൂടുതൽ മികവുറ്റതാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം 2

പേര് IT ലാബ്

ഉപമേഖല കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT,ICTപ്രവർത്തനങ്ങൾ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ വിവിധ ക്ലാസ്സുകളിലെ വ്യത്യസ്ത വിഷയവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ഉപയോഗപ്പെടുത്തുവ ാൻ സാധിക്കുന്ന വിധത്തിൽ കുട്ടികൾക്ക് ICT,IT പ്രവർത്തന പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ജൂൺ ആഗസ്റ്റ് | SITC | |

# പ്രവൃത്തിപരിചയം

**പ്രവര്‍ത്തനം -I**

പേര്   : പ്രവൃത്തി പരിചയ ശില്പശാല ഉപമേഖല നിര്‍മ്മാണ കഴിവ് വികസനം.

| ലക്ഷ്യം | പ്രവര്‍ത്തനങ്ങള്‍ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിര്‍മ്മാണതിനുള്ള കഴിവുകള്‍ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തിപരിചയ ഇനങ്ങളില്‍ തൈതല്‍ നൂല് പാറ്റേന് വെജിറ്റബിള്‍ പ്രിന്റിങ് | സെപ്റ്റംബര്‍ | ക്ലാസ് ടീച്ചര്‍ | |

**പ്രവര്‍ത്തനം II   :   ഒറി ഗാമി**

| ലക്ഷ്യം | പ്രവര്‍ത്തനങ്ങള്‍ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിര്‍മ്മാണത്മക കഴിവുകള്‍ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | ഒറിഗാമിയില്‍ അധ്യാപകര്‍ക്ക് പരിശീലനം നല്‍കല്‍ പാഠഭാഗത്തെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ക്കാവശ്യമായ പരിശീലനം ലഭ്യമാക്കല്‍ | ജൂലൈ മാര്‍ച്ച് | റിസോഴ്സ് പേര്‍ഴ്സാണ് | |

.

**പ്രവർത്തനം I**

പേര് : സർഗ്ഗവേദി

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക കിട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസ്സിലും സർഗ്ഗ വേദി നടത്തൽ നേതൃത്വം വിദ്യാർഥികൾ | എല്ലാ ആഴ്ചയില ും | CT SRG | |

**പ്രവർത്തനം 2**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക. | നൃത്തം ആലാപനം ചിത്ര രചന ക്രാഫ്റ്റ് വർക്ക് | എല്ലാ മാസത്തിലു ം | SRG PTA | |

**പ്രവർത്തനം 3**

പേര് : പ്രകടന വേദികൾ ഉപമേഖല സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസര മൊരുക്കും | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹമായി പങ്കു വെക്കൽ | ജൂണ് മാർച്ച് | SRG CT | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

പ്രവർത്തനം I

പേര് : കായികാരോഗ്യം

ഉപമ : എയറോബിക് സ് എക്സർസൈസ് ഫുട്ബോൾ കോച്ചിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ബാസ്ക്കറ്റ് ബോൾ പരിശീലനം ചെസ്, കരാട്ടെ | ജൂൺ മാർച്ച് | H.M. PTA | 12,000 |

**പ്രവർത്തനം II**

പേര് : ഹെൽത്ത് ചെക്ക്അപ്പ്

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്കപ്പ് | ജൂൺ സെപ്റ്റംബർ | ഹെൽത്ത് ക്ലബ് കൺവ ീനർ | 3000 |

**പ്രവർത്തനം 3**

പേര് : കായിക വിദ്യാഭ്യാസം അധ്യാപക ശിൽപ്പശാല

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പിരീഡിൽ ഫിസിക്കൽ എക്സർസൈസ്, സുംബ, ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർമാർക്ക് പരിശീലനം നൽകൽ | ജൂൺ മാർച്ച് | SRG | 4000 |

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻറെ ഭാഗമായി, സമഗ്ര വിദ്യാഭ്യാസം, സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും നൽകി. സ്കൂളുകളെ മികവിൻറെ പാതയിലേക്ക് ഉയർത്താൻ ഈ വിദ്യാലയത്തിൽ ഏർപ്പെടുത്തിയ അക്കാദമിക രൂപരേഖ മുഴുവൻ വിദ്യാർത്ഥികളെയും അതാത് ക്ലാസ്സുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിക്കുന്നതിന് ഒരു കൈത്താങ്ങാണ്. പിന്നോക്കം നിൽക്കുന്നവർക്കും, പ്രത്യേക പരിഗണന നൽകി, മുൻനിരയിലെത്തിച്ച് വിദ്യാലയത്തെ ഒരു സ്വർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള ഒരു സംരംഭമാണിത്. നന്മകളാൽ സമൃദ്ധമായ, സമൂഹത്തിൻറെ സഹകരണത്തോടെ നല്ല രീതിയിൽ നടക്കുന്ന നമ്മുടെ വിദ്യാലയത്തിൻറെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.